പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3456 21.12.2012-ൽ മറുപടിയ്ക്ക്

## കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റിയിൽ പങ്കാളിത്ത പെൻഷനും, കുടുംബ പെൻഷനും ആവിഷ്കരിക്കുന്ന നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എസ്സ്. ശർമ്മ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റിയിൽ പങ്കാളിത്ത പെൻഷനും, കുടുംബപെൻഷനും ആവിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പാക്കാത്തതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) | കെ.ബി.പി.എസ്സിലെ ജീവനക്കാർക്ക് കുടുംബപെൻഷൻ പദ്ധതിയും പങ്കാളിത്ത പെൻഷൻ പദ്ധതിയും ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് കമ്മിറ്റിയിൽ ഉള്ളത്; കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) കെ.ബി.പി.എസ്സിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയും കുടുംബപെൻഷൻ പദ്ധതിയും ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 09.06.2010-ൽ ധനകാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായി റിട്ടയർ ചെയ്ത ശ്രീ.കെ.ജി.സുകുമാരപിള്ളയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ III(4) XVIII ഉം റൂൾസ് ആന്റ് റഗുലേഷൻസിലെ ചട്ടം 10(13) (g) & (r) ഉം ഭേദഗതി വരുത്തി ചില നിബന്ധനകൾക്കു വിധേയമായി പങ്കാളിത്ത പെൻഷൻ പദ്ധതിയും കുടുംബ പെൻഷൻ പദ്ധതിയും ആരംഭിക്കുന്നതിന് അനുമതി നൽകി 18.06.2011 ൽ G.O(Ms)66/11/ഉവിവ ആയി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കെ.ബി.പി.എസിന്റെ സ്വതന്ത്രമായ സ്വാശ്രയപെൻഷൻ പദ്ധതിക്ക് അനുയോജ്യമായ കരട് - ചട്ടങ്ങൾ സർക്കാർ അംഗീകാരത്തോടെ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് | (സി) കരട് ചട്ടങ്ങൾ സമർപ്പിക്കുവാൻ എം.ഡി., കെ.ബി.പി.എസ് -നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Priya Kumari.
സെക്ഷൻ ഓഫീസർ